പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 4486

26.06.2014-ൽ മറുപടിയ്ക്ക്

## കയർമേള 2014

| ചോദ്യം<br>ശ്രീ. സി.പി.മുഹമ്മദ്<br>,, പി.സി.വിഷ്ണുനാഥ്<br>,, റ്റി.എൻ.പ്രതാപൻ<br>,, എം.എ.വാഹീദ് | ഉത്തരം<br>ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പമന്ത്രി) |
|---|---|
| (എ) സംസ്ഥാനത്ത് കയർമേള 2014 സംഘടിപ്പിച്ചിട്ടു ണ്ടോ; വിശദമാക്കു മോ ; | (എ) സംസ്ഥാനത്ത് കയർമേള 2014 ഫെബ്രുവരി 1 മുതൽ 5 വരെ ആലപ്പുഴയിൽ സംഘടിപ്പിച്ചിരുന്നു. |
| ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിച്ചിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം; | ബി) ആലപ്പുഴയെ ലോകത്തിലെ സ്വാഭാവിക നാരുൽപന്നങ്ങളുടെ കേന്ദ്രമാക്കുക, കേരളത്തിലെ കയറുല്പന്നങ്ങൾക്ക് ലോകശ്രദ്ധ നേടിക്കൊടുക്കുക, കയർ മേഖലയിൽ കൂടുതൽ ആഭ്യന്തര-വിദേശ വിപണികൾ കണ്ടെത്തി വിദേശ ആഭ്യന്തര വ്യാപാരികളെ കൊണ്ടുവരിക, കയർ കയറ്റുമതി വിപണി വിപുലീകരിക്കുക, നിലവിലുള്ള വ്യാപാരികളെ പ്രോത്സാഹിപ്പിക്കുക, കയറിനേയും കയർ ഉല്പന്നങ്ങളെയും കേരളവുമായി ബന്ധപ്പെടുത്തി ബ്രാന്റ് ചെയ്യുക, കൂടുതൽ വിദേശനാണ്യം കൈവരിക്കുക, കയർ മേഖലയിലെ പുതിയ ആശയങ്ങളും സാങ്കേതിക വിദ്യകളും പങ്കു വെയ്ക്കുക എന്നിവയാണ് പ്രസ്തുത മേളകൊണ്ട് ലക്ഷ്യമാക്കുന്നത്. |
| (സി) കയർ മേഖലയുടെ വിപണി വികസിപ്പിക്കുന്നതിനും കയർ മേഖലയിൽ | സി) കയർമേളയിൽ സാങ്കേതികതയിൽ മികച്ചു നിൽക്കുന്ന പുതിയതരം കയർ- |

| | |
|---|---|
| ഉപയോഗിക്കുന്ന നൂതന സാങ്കേതിക വിദ്യകളും സംബന്ധിച്ച് എന്തെല്ലാം കാര്യങ്ങളാണ് മേളയിൽ പ്രദർശിപ്പിച്ചത്; വിശദമാക്കുമോ; | പിരിയന്ത്രങ്ങൾ, ലൂമുകൾ തുടങ്ങിയ എൻ.സി.ആർ.എം.ഐ വികസിപ്പിച്ചെടുത്ത ഡീഫൈബറിംഗ് മെഷീൻ, ആർക്കിടെക്ടുകളുമായി സഹകരിച്ച് വികസിപ്പിച്ചെടുത്ത അക്വസ്റ്റിക് പാനൽ, പുതിയ ഡിസൈനുകളിലും, കളറുകളിലും, ഷെയിപ്പിലുമുള്ള മാറ്റുകൾ, മാറ്റിംഗുകൾ, പുതിയ തരത്തിലുള്ള കയർ ഭൂവസ്ത്രങ്ങൾ തുടങ്ങിയവ പ്രദർശിപ്പിച്ചു. |
| ഡി) എന്തെല്ലാം തുടർ നടപടികളാണ് മേളയോടനുബന്ധിച്ച് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം? | ഡി) വ്യാപാരികളുമായി സംവാദിച്ച് കയറുല്പന്നങ്ങളുടെ ഗുണനിലവാരം വില തുടങ്ങിയവയിൽ അവർക്കുള്ള അഭിപ്രായങ്ങൾ ബന്ധപ്പെട്ടവർക്ക് കൈമാറുകയും, എക്സിബിഷനുമായി ബന്ധപ്പെട്ട അഭിപ്രായങ്ങൾ അടുത്ത എക്സിബിഷനിൽ പ്രാവർത്തികമാക്കാൻ വേണ്ട തയ്യാറെടുപ്പുകൾ നടത്തുകയും ചെയ്തിട്ടുണ്ട്. മേളയിൽ പങ്കെടുത്ത വിവിധ കമ്പനികളുമായി ചേർന്ന് കയർമേഖലയിലെ മെഷിനറികളിലെ സാങ്കേതിക വിദ്യ ഉയർത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ